# ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേള

മുപ്പത്തടം ഗവൺമെൻറ് ഹൈസ്കൂളിലെ ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേള സ്കൂൾ സെപ്റ്റംബർ 15 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി എമിലി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.വിവിധ പ്രതിഭകൾ സമൂഹത്തിനും രാജ്യത്തിനും മുതൽക്കൂട്ടാവുന്ന രീതിയിൽ വളർന്നു വരാൻ ഇത്തരം മേഖലകൾ പ്രചോദനമാകട്ടെ എന്ന് ഹെഡ്മിസ്ട്രസ് ആശംസിച്ചു.എൽ പി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള വിവിധ കുട്ടികൾ തങ്ങളുടെ മികവുകൾ പ്രദർശിപ്പിച്ചു. അത്യന്തം വിജ്ഞാനപ്രദവും കൗതുകകരവും ആയ മാതൃകകൾ ,വിവിധ ഉൽപ്പന്നങ്ങൾ,കരവിരുത് പ്രദർശിപ്പിക്കുന്ന വിവിധ ഉൽപ്പന്നങ്ങൾ ഇവ മേളയ്ക്ക് ചാരുതയേകി.ക്ലാസുകളിലെ കുട്ടികൾ സമയബന്ധിതമായി അസംബ്ലി ഹാളിൽ എത്തി പ്രദർശനം വീക്ഷിച്ചു. വിധി നിർണയത്തിന് ശേഷം മേളക്ക് സമാപനമായി.



